**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനം സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം സർവ്വേ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വനം സർവ്വേ നടപ്പാക്കിയിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള സതേൺ, ഈസ്റ്റേൺ, വൈൽഡ് ലൈഫ് പാലക്കാട്, അഗസ്ത്യവനം സർക്കിൾ എന്നിവിടങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും, നോർത്തേൺ, സെൻട്രൽ, ഹൈറേഞ്ച്, വൈൽഡ് ലൈഫ് കോട്ടയം എന്നീ സർക്കിളുകളിൽ സർവ്വെ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത സർവ്വേ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2021-22 ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആകെ വനപ്രദേശം 1 1,531.139 ചതുരശ്ര കിലോമീറ്ററാണ്. സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പൂർണ്ണമായ വിവരം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | സർവ്വേ പ്രകാരമുള്ള സ്വാഭാവിക വനത്തിന്റെയും വച്ചുപിടിപ്പിച്ച വനത്തിന്റെയും കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ; | (സി) | സ്വാഭാവിക വനത്തിന്റെ കണക്ക് വിവരം സർവ്വെ പൂർത്തിയാക്കുന്ന മുറക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ. 2021-22 ലെ ഭരണ റിപ്പോർട്ട് പ്രകാരം 157342.01 ഹെക്ടർ സ്ഥലത്ത് വിവിധയിനത്തിലുള്ള തോട്ടങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ആയതിന്റ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (ഡി) | പ്ലാന്റേഷൻ കോർപ്പറേഷൻ മരം വച്ചു പിടിപ്പിച്ച ഭാഗം സർവ്വേയിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്ലാന്റേഷൻ കോർപ്പറേഷന് പാട്ടത്തിന് കൊടുത്തിട്ടുള്ള സ്ഥലം റിസർവ്വ് വനത്തിൽ ഉൾപ്പെടുന്നതിനാൽ സർവ്വെയിൽ ഉൾപ്പെടുന്നതാണ്. നിലവിലെ രേഖകൾ പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷന് 11529.49 ഹെക്ടർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-

പട്ടിക-17

തോട്ട ഭൂമിയുടെ ഇനം തിരിച്ചുള്ള വിസ്തൃതി 31.03.2022

| ക്രമ നം | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | തേക്ക് | 76898.112 |
| 2 | തേക്കും, കടുപ്പംകുറഞ്ഞ തടികൾ | 12932.568 |
| 3 | അക്കേഷ്യാമാഞ്ചിയം | 2291.417 |
| 4 | അക്കേഷ്യാ ഓറിക്കുലിഫോംസ് | 7622.490 |
| 5 | യൂക്കാലി | 6780.230 |
| 6 | ചൂരൽ | 3258.243 |
| 7 | മുള | 5097.422 |
| 8 | ഈട്ടി | 375.056 |
| 9 | മഹാഗണി | 523.102 |
| 10 | ചന്ദനമരം | 363.880 |
| 11 | ഘനമരങ്ങൾ | 1271.039 |
| 12 | ഈറ്റ | 573.35 |
| 13 | കുരുമുളക് | 103.94 |
| 14 | ഔഷധസസ്യങ്ങൾ | 2812.123 |
| 15 | സിൽവർഓക്ക് (ഗ്രവില്യറോബസ്റ്റ) | 702.26 |
| 16 | പൈൻ | 589.400 |
| 17 | റബ്ബർ | 42.100 |
| 18 | അൽബിസിയ | 116.540 |
| 19 | ആഞ്ഞിലി | 615.722 |
| 20 | കമ്പകം | 194.960 |
| 21 | ഇലവ് | 198.160 |
| 22 | ബൽസ | 21.04 |
| 23 | വാട്ടിൽ | 1758.210 |
| 24 | മട്ടി | 374.410 |
| 25 | കശുമാവ് | 4370.164 |
| 26 | അഗവ് | 16.030 |
| 27 | അൽനസ് | 74.35 |
| 28 | കാഷ്വാറിന | 118.87 |
| 29 | കണ്ടൽക്കാടുകൾ | 371.068 |
| 30 | ഫലം കായ്ക്കുന്നവ | 325.543 |
| 31 | പലവക | 24113.515 |
| 32 | തേയില | 1.902 |
| 33 | വെന്തേക്ക് | 23.064 |

| | | |
|---|---|---|
| 34 | വേങ്ങ | 21.446 |
| 35 | മറ്റുള്ളവ | 959.534 |
| 36 | പരിസ്ഥിതി പുനസ്ഥാപനം | 490.150 |
| 37 | നീർത്തടങ്ങൾ | 99.640 |
| 38 | ഗ്ലുട്ടാ ട്രാവൻകൂറിക്ക | 8.200 |
| 39 | നഷ്ടപരിഹാര വനവത്കരണം | 632.76 |
| | ആകെ | 157142.01 |